4887/എം/2015/കെഎസ്എച്ച്ഒ 08/9/2017

# പരിപത്രം

വിഷയം– **കുടുംബശ്രീ – സമന്വയം 2017 – ശില്പശാല– ബഡ്ജറ്റ് വിനിയോഗം – മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനവും പ്രാദേശിക സാമ്പത്തിക വികസനവും സ്ത്രീശാക്തീകരണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ അതിന്റെ പ്രവർത്തന പന്ഥാവിൽ പത്തൊൻപത് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇക്കാലയളവിൽ പങ്കാളിത്ത വികസനത്തിന്റെ നിരവധി മാതൃകകൾ സൃഷ്ടിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്കും സാമൂഹിക ശാക്തീകരണത്തിനുമായി നിരവധി പദ്ധതികളാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നത്. കുടുംബശ്രീയും തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ഫലപ്രദമായ സംയോജനത്തിലൂടെ ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ സാമ്പത്തിക പിന്തുണയും മനുഷ്യവിഭവശേഷിയും ഉറപ്പാക്കാൻ കഴിയും.

ഈ ലക്ഷ്യം മുൻനിർത്തികൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന്മാർ/ ചെയർപേഴ്സൺമാർ, സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ സംയുക്ത ശില്പശാല 2017 ജൂലൈ 25 മുതൽ 45 ബാച്ചുകളിലായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം താഴെപറയും പ്രകാരം പരിശീലനം സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്:–

| ക്രമ നം. | ജില്ല | പരിശീലന ഹാൾ | പരിശീലനത്തിൽ പങ്കെടുക്കുന്ന ജില്ലകൾ |
|---|---|---|---|
| 1. | തിരുവനന്തപുരം | മരിയാറാണി ട്രെയനിംഗ് സെന്റർ | കൊല്ലം, എല്ലാ നഗരസഭകളും |
| 2. | കൊല്ലം | കൊട്ടിയം കൺവെൻഷൻ സെന്റർ | തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം |
| 3. | എറണാകുളം | ശാന്തിഗിരി കൺവെൻഷൻ സെന്റർ | ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട് |
| 4. | തൃശൂർ | കില, തൃശൂർ | കണ്ണൂർ, ഇടുക്കി |
| 5. | കണ്ണൂർ | യമുനാതീരം ട്രെയനിംഗ് സെന്റർ | മലപ്പുറം, കോഴിക്കോട്, കാസർഗോഡ് |
| 6. | വയനാട് | ശ്രേയസ് ട്രെയനിംഗ് സെന്റർ | വയനാട് |

പ്രസ്തുത പരിശീലനം സംഘടിപ്പിക്കുന്നതിനാവശ്യമായ 55,100,50 രൂപയുടെ ബഡ്ജറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾക്ക് ഭരണപരമായ തിരക്കുകൾ വന്നതിനാൽ, തിരുവനന്തപുരം ജില്ലയിൽ ഒരു ബാച്ച്, കൊല്ലം ജില്ലയിൽ 3 ബാച്ച്, എറണാകുളം ജില്ലയിൽ ഒരു ബാച്ച്, കണ്ണൂർ ജില്ലയിൽ 3 ബാച്ച് എന്നിങ്ങനെയാണ് പരിശീലനം സംഘടിപ്പിച്ചത്. പ്രസ്തുത പരിശീലനത്തിന് യഥാർത്ഥ ചെലവുകൾ ഉൾപ്പെടുത്തി പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തുന്നു. കൂടാതെ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഉപഹാരം (ഗിഫ്റ്റ്) നൽകുന്നതിനായി എറണാകുളം ജില്ലയിലെ മേഘ പിക്കിൾസിന്റെ അച്ചാർ, കാസർഗോഡ് ജില്ലയിലെ സഫലം ക്യാഷു, കോഴിക്കോട് ജില്ലയിലെ ഒറിജിൻ സോപ്പ് മുതലായവ സജ്ജീകരിച്ചിട്ടുണ്ട്. ഇപ്രകാരം സംരംഭകരിൽ നിന്നും ലഭ്യമാക്കിയ ഉത്പന്നങ്ങളുടെ തുക, വാഹന വാടക എന്നിവ നൽകുന്നതിന് എറണാകുളം, കാസർഗോഡ്, കോഴിക്കോട് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തുന്നു. പരിശീലനത്തിന് ആവശ്യമായി വരുന്ന ചെലവ് തുക എൻആർഎൽഎം ഫണ്ടിലെ B2.2.5 (b) എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ചെലവഴിക്കേണ്ടതാണ്.

**ഡയറക്ടർ (എ & എഫ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി**
**കുടുംബശ്രീ**

1. ബന്ധപ്പെട്ട ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. അക്കൗണ്ട്സ് ഓഫീസർ, കുടുംബശ്രീ

പകർപ്പ്

1. എൻആർഎൽഎം അക്കൗണ്ട്സ് സെക്ഷൻ
2. കരുതൽ/അധികം

**4887/എം/2015/കെഎസ്എച്ച്ഒ** **22/9/2017**

**പരിപത്രം**

വിഷയം– **കുടുംബശ്രീ – സമന്വയം 2017 – ശില്പശാല രണ്ടാം ഘട്ടം– ബഡ്ജറ്റ് വിനിയോഗം – മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനവും പ്രാദേശിക സാമ്പത്തിക വികസനവും സ്ത്രീശാക്തീകരണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ അതിന്റെ പ്രവർത്തന പന്ഥാവിൽ പത്തൊൻപത് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇക്കാലയളവിൽ പങ്കാളിത്ത വികസനത്തിന്റെ നിരവധി മാതൃകകൾ സൃഷ്ടിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്കും സാമൂഹിക ശാക്തീകരണത്തിനുമായി നിരവധി പദ്ധതികളാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നത്. കുടുംബശ്രീയും തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ഫലപ്രദമായ സംയോജനത്തിലൂടെ ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ സാമ്പത്തിക പിന്തുണയും മനുഷ്യവിഭവശേഷിയും ഉറപ്പാക്കാൻ കഴിയും.

ഈ ലക്ഷ്യം മുൻനിർത്തികൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന്മാർ/ ചെയർപേഴ്സൺമാർ, സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ സംയുക്ത ശില്പശാല **രണ്ടാം ഘട്ടം–** 2017 സെപ്തംബർ 13 മുതൽ **ജില്ലകളിൽ** സംഘടിപ്പിച്ച് വരികയാണ്.

പ്രസ്തുത പരിശീലനം സംഘടിപ്പിക്കുന്നതിനാവശ്യമായ 48,38,640 രൂപയുടെ ബഡ്ജറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.പരിശീലനത്തിന് ആവശ്യമായി വരുന്ന ചെലവ് തുക എൻആർഎൽഎം ഫണ്ടിലെ B2.2.5 (b) എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ചെലവഴിക്കേണ്ടതാണ്. കൂടാതെ ഒന്നാം ഘട്ടത്തിൽ സംഘടിപ്പിച്ച 8 ബാച്ച് പരിശീലനങ്ങളുടെ ഡോക്യുമെന്റേഷൻ ചെയ്തതിന്റെ തുക ഡോക്യുമെന്റേഷൻ ടീമിന് നൽകുന്നതിന് പ്രസ്തുത ബഡ്ജറ്റിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുക തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലാ മിഷനുകൾ ഡോക്യുമെന്റേഷൻ ടീമിന് അനുവദിച്ചു നൽകാവുന്നതാണ്.

**ഡയറക്ടർ (എ & എഫ്)**
**കുടുംബശ്രീ**

1. ബന്ധപ്പെട്ട ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
2. അക്കൗണ്ട്സ് ഓഫീസർ, കുടുംബശ്രീ

പകർപ്പ്

1. എൻആർഎൽഎം അക്കൗണ്ട്സ് സെക്ഷൻ
2. കരുതൽ/അധികം